പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3079** **23.03. 2015-** ലെ മറുപടി

## പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സംസ്ഥാനത്ത് പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; | (എ) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭത്തിനായി വായ്പകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) ഉണ്ട്. 605 പേർക്ക് കനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. |
| (സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി & ഡി) ഈ പദ്ധതി പ്രകാരം കാർഷിക – വ്യവസായം (കോഴി വളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി), മത്സ്യ കൃഷി (ഉൾനാടൻ മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും), കച്ചവടം (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), |

ഉത്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ (പൊടി മില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ളിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്നത്.

നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നോർക്ക റൂട്ട്സ് ആണ് പദ്ധതി നടപ്പാക്കി വരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികളുടെയും/ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ലോണിനായി ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു.

വായ്പക്കായി അപേക്ഷിച്ച 19690 അപേക്ഷകരേയും സ്ക്രീനിംഗിന് വിളിക്കുകയും അതിൽ ഹാജരായ 7194 അപേക്ഷകരിൽ 6751 പേരെ വായ്പയ്ക്ക് അർഹരായി കണ്ടെത്തുകയും ബാങ്കിന്റെ നിബന്ധനയ്ക്ക് വിധേയമായി ലോൺ അനുവദിക്കാൻ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ